**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4155**

**12/11/2019 ലെ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാരുടെ എസ്.എൽ.ഐ.പോളിസികൾ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി.** | | **ഡോ: ടി. എം.തോമസ് ഐസക്**<br>ധനകാര്യവും കയറും വകുപ്പുമന്ത്രി |
| എ | സർക്കാർ ജീവനക്കാരുടെ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസിന് ഓരോ തവണ മിനിമം പ്രീമിയം തുകയുടെ സ്ലാബിൽ മാറ്റം വരുത്തുമ്പോഴും ജീവനക്കാർ അധികരിപ്പിച്ച തുകയ്ക്ക് വേണ്ടി പ്രത്യേക പോളിസി എടുക്കേണ്ടി വരുന്നതിനാൽ ഒരു ജീവനക്കാരന് തന്നെ നിരവധി പോളിസികൾ എടുക്കേണ്ടത് മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി | ഒറ്റ പോളിസി നമ്പറിൽ തന്നെ വർദ്ധിപ്പിക്കുന്ന തുക അടയ്ക്കാൻ സാധ്യമാകുന്ന വിധം എസ്.എൽ.ഐ സംവിധാനം പരിഷ്കരിക്കാമോ? | നിലവിലുള്ള ഇൻഷ്വറൻസ് ചട്ടങ്ങൾ പ്രകാരം ഓരോ എസ്.എൽ.ഐ പോളിസിയും അപേക്ഷകന്റെ ജനനതീയതി, വിരമിക്കൽ തീയതി, ഒടുക്കുന്ന പ്രീമിയം എന്നിവയെ അടിസ്ഥാനപ്പെടുത്തി ഒരു ഉറപ്പുതുക വാഗ്ദാനം ചെയ്യുന്ന എൻഡോവ്മെന്റ് പോളിസിയാണ്. ഐ.ആർ.ഡി.എ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം വിഭാവനം ചെയ്ത പോളിസിയായതിനാൽ പ്രസ്തുത രീതിയിൽ പരിഷ്കരിക്കാൻ സാധിക്കുകയില്ല |

സെക്ഷൻ ഓഫീസർ